Malappuram District Police

# 09.08.2017 മഞ്ചേരി

കോഴിവണ്ടി തടഞ്ഞ് പണവും മൊബൈൽഫോണും കവർന്ന കേസിൽ പ്രധാനപ്രതിയെ മഞ്ചേരി പോലീസ് അറസ്റ്റ്ചെയ്തു. മുട്ടിപ്പാലം അത്തിമണ്ണിൽ അബ്ദുൾറഷീദി(കൊച്ചു-28)-വിനെയാണ് സി.ഐ. ഷൈജുവിന്റെ നേതൃത്വത്തിൽ പിടികൂടിയത്. കഴിഞ്ഞ ശനിയാഴ്ച രാത്രിയാണ് മുട്ടിപ്പാലത്ത് കോഴി കയറ്റി വന്ന വാഹനം തടഞ്ഞു നിർത്തി പണം തട്ടിയത്. ഡ്രൈവർ വേങ്ങര സ്വദേശിയെ മർദിച്ചശേഷം ആളൊഴിഞ്ഞ സ്ഥലത്തു കൊണ്ടു പോയി പണവും ഫോണും കവർന്നതായാണ് പരാതി. അബ്ദുൾറഷീദിന്റെ പേരിൽ രണ്ടു കേസുകൾ നിലവിലുണ്ട്. സംഘത്തിലെ മറ്റ് രണ്ടു പ്രതികൾക്കായി അന്വേഷണം തുടങ്ങി. എസ്.ഐ)-മാരായ റിയാസ് ചാക്കേരി, അബ്ദുറഹ്മാൻ തുടങ്ങിയവരാണ് അന്വേഷണസംഘത്തിലുണ്ടായിരുന്നത്.